ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-**400001**

മെയ് 09, 2018

## 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം, വകുപ്പ് 35A പ്രകാരമുള്ള ഡയറക്ഷൻസ് - കാറാഡ് ജനതാ സഹകാരി ബാങ്ക് ലിമിറ്റഡ്, കാറാഡ്, മഹാരാഷ്ട്ര- കാലാവധി ദീർഘിപ്പിച്ചിരിക്കുന്നു

2017 നവംബർ 07 ലെ ഡയറക്റ്റീവ് പ്രകാരം കാറാഡ് ജനതാ സഹകാരി ബാങ്കിനെ 2017 നവംബർ 09 ലെ പ്രവർത്തനം അവസാനിക്കുന്ന സമയം മുതൽ ആറ് മാസത്തേക്ക് ഡയറക്ഷന് കീഴിൽ നിലനിർത്തിയിരിക്കുകയായിരുന്നു. 1949ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A (1), 56 എന്നീ വകുപ്പുകൾ പ്രകാരം കാറാഡ് ജനതാ സഹകാരി ബാങ്കിന് മേൽ (കാറാഡ്, മഹാരാഷ്ട്ര) ഭാരതീയ റിസർവ് ബാങ്ക് 2017 നവംബർ 07 ലെ ഡയറക്റ്റീവ് പ്രകാരം പുറപ്പെടുവിച്ചിരുന്ന ഡയറക്ഷന്റെ കാലാവധി മെയ് 10, 2018 മുതൽ നവംബർ 09, 2018 വരെയുള്ള ആറുമാസ കാലയളവിലേക്ക് കൂടി പുനരവലേകത്തിന് വിധേയമായി ദീർഘിപ്പിച്ചിരിക്കുന്നു. 2018 മെയ് 03ലെ ഈ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്കിന്റെ പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്.

ഭാരതീയ റിസർവ് ബാങ്ക് നേരത്തേ നൽകിയ ഡയറക്ഷനിൽ മാറ്റം വരുത്തിയത് ബാങ്കിന്റെ സാമ്പത്തിക നിലയുടെ തകർച്ചയോ മെച്ചപ്പെടലോ ആയി വ്യാഖ്യാനിക്കേണ്ടതില്ല. സാഹചര്യങ്ങൾക്കനുസരിച്ച് ഈ ഡയറക്ഷനിൽ മാറ്റം കൊണ്ടുവരുവാൻ ഭാരതീയ റിസർവ് ബാങ്ക് ശ്രദ്ധിക്കുന്നതായിരിക്കും.

അനിരുദ്ധ് ഡി. ജാദവ്
അസിസ്റ്റന്റ് മാനേജർ

പത്രപ്രസ്താവന:**2017-2018/2949**